(ബി) ഈ സംഭവങ്ങളിൽ എത്ര ജീവനക്കാർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ചന്ദന മോഷ്ടാക്കളും മറ്റ് വനം മാഫിയാകളും ആദിവാസികളെ ഉപയോഗിച്ച് വനപാലകരെ ആക്രമിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ;

(ഇ) ആക്രമണങ്ങളിൽ പരിക്കുപറ്റുന്ന വനപാലകർക്ക് നഷ്ടപരിഹാരം നൽകാറുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ പരിക്കിന്റെ സ്വഭാവം കണക്കാക്കി ധനസഹായം നൽകാൻ നപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വനപാലകരെ ആക്രമിച്ചതായ 22 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഒരു ചെക്ക് പോസ്റ്റ് ആക്രമണവും, ഒരു റെയിഞ്ച് ഓഫീസ് ആക്രമണവും, ഒരു ഡിവിഷൻ ഓഫീസ് ആക്രമണവും, ഒരു ഫോറസ്റ്റ് സ്റ്റേഷൻ ആക്രമണവും ഉണ്ടായിട്ടുണ്ട്.

(ബി) 40 ജീവനക്കാർക്ക് പരിക്ക് പറ്റുകയും 2 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വനപാലകരെ ആക്രമിച്ച സംഭവങ്ങളിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തി വരുന്നുണ്ട്. ആദിവാസി മേഖലയിലെ വനസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തിയും ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും ആദിവാസികളെ വനത്തിന്റേയും വന സംരക്ഷണത്തിന്റേയും ഭാഗമാക്കി നിർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ബാധകമല്ല.

കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിൽ ഫോറസ്റ്റ് റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് നടപടി

134 (4487) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനുകീഴിൽ ദേലമ്പാടി പഞ്ചായത്തിൽ താമസിക്കുന്ന ഗ്രാമീണർക്ക് റിസർവ്വ് വനത്തിൽ കൂടിയുള്ള റോഡുകൾ റിപ്പയർ ചെയ്യാത്തതുമൂലം ഗതാഗതത്തിന് ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പഞ്ചായത്തിൽ ഇത്തരത്തിൽ എത്ര ഫോറസ്റ്റ് റോഡുകൾ ജനങ്ങൾ ഉപയോഗിച്ചുവരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ റോഡുകൾ റിപ്പയർ ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ ;

(ഡി) പരപ്പ-മയ്യള, പള്ളത്തുപ്പാറ-നെല്ലിത്തട്ട്-കടുമന ഫോറസ്റ്റ് റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് അനുമതി നൽകണമെന്ന പി.ഡബ്ല്യൂ.ഡി. യുടെ ഹർജിയിൽ വനം വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16 എണ്ണം

1.	പരപ്പ	-	മയ്യള റോഡ്
2.	പഞ്ചിക്കൽ	-	ബെല്ലിപ്പാടി റോഡ്
3.	പഞ്ചിക്കൽ	-	ദേലമ്പാടി റോഡ്
4.	കനകമജ്ലു	-	ദേലമ്പാടി റോഡ്
5.	നുജിബെട്ടു	-	പരപ്പ റോഡ്
6.	കുറ്റിമുണ്ട	-	ദേലമ്പാടി റോഡ്
7.	ചീനാടി	-	ചാപ്പക്കൽ റോഡ്
8.	ചാപ്പക്കൽ	-	ചാരക്കൊച്ചി റോഡ്
9.	പാണ്ടി	-	ബളവന്തടുക്ക റോഡ്
10.	പാണ്ടി	-	കടുമന റോഡ്
11.	പാണ്ടി	-	പള്ളിക്കൊച്ചി റോഡ്
12.	പാണ്ടി	-	നെച്ചുപടപ്പ് റോഡ്
13.	പാണ്ടി	-	ബണ്ടാരക്കുഴി റോഡ്
14.	പാണ്ടി	-	കടുമനടുക്ക റോഡ്
15.	പള്ളച്ചി	-	നെമോടി റോഡ്
16.	പടുപ്പ്	-	മല്ലംപാറ റോഡ്

(സി) വകുപ്പുതലത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വാർഷിക മെയിന്റനൻസ് നടത്താറുണ്ട്.

(ഡി) പരാമർശിച്ച റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. വനത്തിൽ കൂടിയുള്ള മേൽ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നത് സംബന്ധിച്ച അനുമതിക്കായുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് അധികാരികൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) തിരുവനന്തപുരത്തിന് സമർപ്പിച്ചിരുന്നു. ആയതിലെ

LIBRARY ARCHIVES Kerala Legislative Assembly

ചില അപാകതകൾ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികാരികളെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) തിരുവനന്തപുരം എഫ്.സി 2-3714/10 തീയതി 24-5-2010-ലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടികൾ തുടർന്നു വരുന്നുണ്ട്.

ഫോറസ്റ്റ് ഗാർഡിനെ ആക്രമിച്ച സംഭവം

135 (4488) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവദാസ് എന്ന ഫോറസ്റ്റ് ഗാർഡിനെ കോഴിക്കോട് വച്ച് തന്റെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അവസരത്തിൽ വെടിവെച്ചുകൊന്നതിൽ ഉൾപ്പെട്ട പ്രതികളെ എല്ലാവരേയും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രതികളിൽ ആരെങ്കിലും മുമ്പ് വനം വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിൽ പ്രതിയായിരുന്നോ ; എങ്കിൽ ആര് ; ഏത് കേസ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ആക്രമണങ്ങൾ തടയുവാൻ വനപാലകർക്ക് കൂടുതൽ ആയുധങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കൊച്ചുമ്മദ് എന്ന പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുകയും പിന്നീട് റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രതി മുമ്പ് വനം വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിൽ പ്രതിയായിട്ടില്ല.

(സി) പരിഗണിച്ചു വരുന്നു.

വനപാലകരുടെ ശമ്പളപരിഷ്ക്കരണം

136 (4489) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനം വകുപ്പിലെ വനപാലകരുടെ സേവന-വേതന വ്യവസ്ഥകൾ 2006-ൽ നിശ്ചയിച്ചപ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിലെ സമാന തസ്തികകളിലുള്ളവരുമായി ഉണ്ടായിരുന്ന ശമ്പള തുല്യത നഷ്ടപ്പെട്ടതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതു പരിഹരിക്കുന്നത് സംബന്ധിച്ച് വനപാലകരുടെ സംഘടനകൾ നൽകിയ പരാതികൾ പരിഹരിക്കാൻ കഴിഞ്ഞ നാല് വർഷമായി കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിനുശേഷം വിവിധ വകുപ്പുകളിലെ യൂണിഫോംഡ് സ്റ്റാഫിന്റെ യൂണിഫോം അലവൻസുകൾ വർദ്ധിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly